# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 141 — 30-11-2015-ൽ മറുപടിയ്ക്ക്

## കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി

| | ചോദ്യം<br><br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | | മറുപടി<br><br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കാരുണ്യ ലോട്ടറിയുടെ വിറ്റ് വരവിൽ നിന്നും ഇതുവരെ എന്ത് തുക ലാഭമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളിൽ നിന്നും അറ്റാദായമായി 730.88 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിലേക്ക് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; ഇതിൽ എത്ര പേർ ധനസഹായത്തിന് അർഹരാണെന്ന് വ്യക്തമാക്കാമോ; | (ബി) | സർക്കാർ ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ, സമാശ്വാസചികിത്സാ ധനസഹായം, ഹീമോഫീലിയ എന്നീ വിഭാഗങ്ങളിലായി 1,43,183 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 2,453 അപേക്ഷകൾ നിരാകരിച്ചു. ബാക്കി 1,40,730 അപേക്ഷകൾ ധനസഹായത്തിന് അർഹതയുള്ളതാണ്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര രോഗികൾക്ക് മുഴുവൻ ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (സി) | കാരുണ്യ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹമായ 1,40,730 അപേക്ഷകളിൽ, 54,839 രോഗികൾക്ക് മുഴുവൻ ധനസഹായവും, 50,614 രോഗികൾക്ക് ഭാഗികമായും ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ള ഏകദേശം 35,277 അപേക്ഷകൾ പരിശോധനയിലാണ്. മുഴുവൻ ധനസഹായവും ലഭ്യമായിട്ടുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ടായിരുന്നിട്ടും ഇതുവരെ ആനുകൂല്യം ലഭിക്കാത്ത എത്ര രോഗികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ള ഏകദേശം 35,277 അപേക്ഷകൾ പരിശോധനയിലാണ്. |

Jayesh

സെക്ഷൻ ഓഫീസർ.

അനുബന്ധം

| KARUNYA BENEVOLENT FUND | | |
|---|---|---|
| DETAILS OF FINANCIAL ASSISTANCE FULLY RELEASED TO DISTRICTS UPTO 24.11.2015 | | |
| SL. NO | District | TOTAL NO: OF PATIENTS |
| 1 | TVM | 5798 |
| 2 | KLM | 4078 |
| 3 | PTA | 2764 |
| 4 | ALP | 3779 |
| 5 | KTM | 4436 |
| 6 | IDK | 1987 |
| 7 | EKM | 3309 |
| 8 | TSR | 4114 |
| 9 | PKD | 4706 |
| 10 | MPM | 5711 |
| 11 | KKD | 5923 |
| 12 | WYD | 1505 |
| 13 | KNR | 5022 |
| 14 | KSD | 1707 |
| | | 54839 |

സെക്ഷൻ ഓഫീസർ